പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 358 28.11.2018 -ൽ മറുപടിക്ക്.

**റേഷൻ കാർഡ് മുൻഗണനാ പട്ടികയിലെ അനർഹർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി**<br>**,, ബി.ഡി. ദേവസ്സി**<br>**,, കാരാട്ട് റസാഖ്**<br>**,, ആർ. രാജേഷ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |

(എ) റേഷൻ കാർഡിലെ മുൻഗണനാ ലിസ്റ്റിൽ നിന്നും അനർഹരായവരെ ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം അനർഹരെ ഒഴിവാക്കിയപ്പോൾ പുതുതായി എത്രപേർക്ക് മുൻഗണനാ റേഷൻകാർഡിന് അർഹതയുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) ഇപ്രകാരം മുൻഗണനാ വിഭാഗത്തിലേക്ക് വന്നവർക്ക് പുതിയ കാർഡുകൾ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) മുൻഗണനാ പട്ടിക സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(എ) യും (ബി) യും (സി) യും (ഡി) യും

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി 1,54,80,030 ആണ്. ആയത് പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച 7.50 ലക്ഷം പരാതികൾ താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സ്വീകരിച്ച് റേഷൻ കടകൾ വഴി അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ആയതിൽ നിന്നും താലൂക്ക്തല റാങ്കിംഗ് നടത്തി നിലവിലുള്ള ഒഴിവുകളിലേക്ക് ആദ്യ ഘട്ടത്തിൽ 13,658 എ.എ.വൈ. കാർഡുകാരെയും 1,93,132 മുൻഗണനാ കാർഡുകാരെയും (ആകെ 2,06,790 കാർഡുകൾ) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് ഏകദേശം 13 ലക്ഷം അർഹരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകളുടെ ഡാറ്റായുമായി റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം (ആർ.സി.എം.എസ്) ഡാറ്റാ മാപ്പിംഗ് നടത്തിയത് പ്രകാരം ഫീൽഡ് തല പരിശോധനയിൽ ഇതുവരെ 65,902 കുടുംബങ്ങൾ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഓരോ താലൂക്കിലും കണ്ടെത്തിയ ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത ശതമാനം ഒഴിവുകൾ ഒഴിച്ചിട്ട ശേഷം ശേഷിക്കുന്ന ഒഴിവുകളിൽ അദാലത്തുകൾ നടത്തി തയ്യാറാക്കിയിട്ടുള്ള സപ്ലിമെന്ററി പട്ടികയിൽ നിന്നും അർഹരെ ഉൾപ്പെടുത്തി

വരുന്നു. ഇതുവരെ 48,269 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുക വഴി 1,98,722 പേരെക്കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചു. ഓരോ ദിവസവും അനർഹരായ കുടുംബങ്ങളെ കണ്ടെത്തി മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കി അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നു വരുന്നു.

പുതിയ റേഷൻ കാർഡുകൾ താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നു തന്നെ അച്ചടിച്ചു നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

***സെക്ഷൻ ഓഫീസർ***